# ദൈവത്തിന്റെ സർവ്വ വ്യാപിത്വം, സർവ്വ ജ്ഞാനം, സർവ്വശക്തി

## റെയ്മണ്ട് സി. കെൽസി

''ദൈവത്തിന്റെ അഗാധതത്വം നിനക്കുഗ്രഹിക്കാമോ? സർവ്വ ശക്തന്റെ സമ്പൂർത്തി നിനക്കു മനസ്സിലാകുമോ? അതു ആകാശ ത്തോളം ഉയരമുള്ളത്, നീ എന്തു ചെയ്യും? അതു പാതാളത്തേക്കാൾ അഗാധമായതു; നിനക്കെന്തറിയാം? അതിന്റെ പരിമാണം ഭൂമിയേക്കാൾ നീളവും സമുദ്രത്തേക്കാൾ വീതിയും ഉള്ളത്'' (ഇയ്യോബ് 11:7-9).

ദൈവവുമായി പരിചയപ്പെടുത്തുവാൻ നമ്മുടെ മനസ്സു നിത്യത മുഴുവൻ ചെലവഴിക്കണം. ഈ വിഷയത്തെക്കുറിച്ചു പ്രത്യാശ വെക്കുന്നതിൽ നാം തളർന്നുപോകയില്ല, പരിമിതിയുള്ള മനുഷ്യനു ദൈവത്തെ മനസ്സിലാക്കുവാൻ പ്രയാസമാണ്. അതു, ദൈവം തന്നെ മനുഷ്യനിൽ നിന്നും അകറ്റി നിർത്തിയതുകൊണ്ടല്ല, പിന്നെയോ, അവൻ അറിയപ്പെടാൻ ആഗ്രഹിക്കയും, തന്നെ വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ദൈവ ഭാഗത്തു നിന്നു വെളിപ്പെടുത്താത്തതുകൊണ്ടല്ല നാം ദൈവത്തെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നത്, മറിച്ചു നമ്മുടെ പരിമിതികളാണ്. ദൈവം, തന്നെ വെളിപ്പെടുത്തുവാൻ താല്പര്യ പ്പെട്ടതുകൊണ്ടു, ചില അളവിൽ നമുക്കു ദൈവത്തെ അറിയാം. ദൈവത്തെ അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു (യോഹന്നാൻ 17:3). അവന്റെ പൂർണ്ണതകൾ നമുക്കു മനസ്സിലാക്കുവാൻ കഴിവില്ലെങ്കിലും ദൈവവുമായി കൂടുതൽ പരിചയപ്പെടുക എന്നതായിരിക്കണം നമ്മുടെ നിരന്തര ലക്ഷ്യം.

ഉപദേഷ്ടാവായിരുന്ന റോളന്റ് ഹിൽ ഒരിക്കൽ, തന്റെ സദസ്യർക്കു ദൈവ സ്നേഹത്തെക്കുറിച്ചു അല്പം ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചു. പെട്ടെന്നു അദ്ദേഹം നിർത്തിയിട്ടു, കണ്ണുകൾ സ്വർഗ്ഗത്തിലേക്കു ഉയർത്തി ആശ്ചര്യത്തോടെ പറഞ്ഞു: ''ഈ വിഷയത്തിന്റെ അടുത്തെത്താൻ എനിക്കു കഴിയുന്നില്ല, എങ്കിലും കടലിലെ ഒരു ചെറിയ മത്സ്യം പോലും കടലിന്റെ വലുപ്പത്തെക്കുറിച്ചു ആഴ്ന്നിറങ്ങിയാലും ഒരിക്കലും മനസ്സിലാക്കാൻ കഴിയാത്തതാണ്.'' അതേ തോന്നൽ തന്നെയാണ്

പൗലൊസിന്റെ മനോഹര പ്രസ്താവനയിലും ഉള്ളത്. "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു, എന്നിവയുടെ ആഴമേ അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും, അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു!" (റോമർ 11:33).

പരിമിതിയില്ലാത്ത ദൈവത്തെക്കുറിച്ചു പഠിക്കുമ്പോൾ നമ്മുടേയും മനസ്സിൽ ഈ ചിന്തയായിരിക്കണം ഉണ്ടാകേണ്ടത് "നമ്മുടെ കർത്താവു വലിയവനും ശക്തിയേറിയവനും ആകുന്നു. അവന്റെ വിവേകത്തിന്റെ അന്തമില്ല" (സങ്കീർത്തനങ്ങൾ 147:5). "പരിമിതിയില്ലായ്മ" അർത്ഥമാകുന്നത് പരിധിയില്ലായ്മയാണ്. ദൈവത്തിന്റെ വൃത്തമാപിനിക്കപ്പുറം മറ്റൊന്നില്ല. അവൻ അളവില്ലാത്തവനാണ് അവന്റെ മാഹാത്മ്യത്തിൻ പരിധി ഊഹിക്കാവുന്നതല്ല.

ദൈവത്തിന്റെ ചില ഗുണങ്ങളായ - സ്നേഹം, കരുണ, നീതി - മനുഷ്യനിൽ അടുത്തെത്തുന്നവയാണ്, എന്നാൽ മറ്റുള്ളവ വിവരിക്കുവാൻ അസാധ്യമാണ്. മനുഷ്യമനസിനു എത്താവുന്നതല്ല അവന്റെ ചില മെറ്റാഫിസിക്കൽ ഗുണങ്ങൾ; അവയെ വിവരിക്കുവാൻ വാക്കുകൾ നമുക്കു അപര്യാപ്തമാണ്. നമുക്കുള്ള ഭാഷയും ചിത്രീകരണവും അതിനായി ഉപയോഗിച്ചാലും, അതേ സമയം അവ പോരാ എന്നു നമ്മെ ബോധ്യപ്പെടുത്തും.

### സർവ്വ വ്യാപിത്വം

"സർവ്വ വ്യാപിത്വം" എന്ന ഗുണത്തെ നമുക്കു ആദ്യമായി പരിഗണനക്കെടുക്കാം. ഈ വാക്ക് തിരുവെഴുത്തിൽ ഇല്ലെങ്കിലും, ബൈബിളിൽ ഉടനീളം ദൈവം എല്ലായിടത്തും ഉള്ളതായി പഠിപ്പിക്കയും മുൻ കരുതുകയും ചെയ്തിട്ടുണ്ട്. വെളിപ്പെടുത്തിയ മറ്റൊരാശയവും ഇതിനേക്കാൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല എന്നു പറയാം; അതാണ് ദൈവം സർവ്വവ്യാപി എന്നു പറയുന്നത് കാലത്തിനോ സ്ഥലത്തിനോ അവനെ പരിമിതപ്പെടുത്താവുന്നതല്ല.

രണ്ടു ഘടകങ്ങളുടെ നിലനില്പ് നമുക്കറിയാം: ദൈവവും പ്രപഞ്ചവും. അതിൽ ദൈവവും ദൈവമല്ലാത്തതെല്ലാം ഉൾപ്പെടുന്നു. ദൈവം സർവ്വവ്യാപി എന്നു പറയുമ്പോൾ, ഒരു ഘടകമായ ദൈവം, മറ്റൊരു ഘടകമായ പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്നു. ദൈവം എല്ലായിടത്തും ഉണ്ട്. അതിനർത്ഥം ദൈവത്തിന്റെ ഒരു ഭാഗം എല്ലായിടത്തും ആയിരിക്കും എന്നല്ല. അവൻ മുഴുവനും എല്ലായിടത്തും ആയിരിക്കും എന്നാണ്. അഥേനയിലെ അരയോപക കുന്നിലെ പൗലൊസിന്റെ പ്രസംഗത്തിൽ പറയുന്നു, "അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല" (പ്രവൃത്തികൾ 17:27). ഇവിടെ അവൻ നമ്മോടൊപ്പം ഒരു വ്യക്തി ആയി ഇരിക്കുന്നതുപോലെ ഇതേ നിമിഷം ഭൂമിയുടെ അറ്റത്തും ആയിരിക്കുന്നു. താൻ ഇഛിക്കുന്ന സ്ഥലത്തു പ്രവർത്തിപ്പാനോ, പ്രാർത്ഥനക്കു ഉത്തരം അരുളുവാനോ ദൈവത്തിനു ചലിക്കേണ്ട ആവശ്യമില്ല. അവൻ തന്റെ സൃഷ്ടിയിൽ നിറഞ്ഞു നിൽക്കുന്നു. നിങ്ങൾക്കു ദൈവത്തെപോലെ ഈ നിമിഷം എല്ലായിടത്തും ആകുവാൻ കഴിയുകയില്ല. ദൈവത്തിന്റെ

അടുത്തെത്താൻ തീർത്ഥാടനത്തിനു പോകേണ്ട എന്നാൽ താഴ്മയും, അനുതാപവും, അനുസരണവുമാണ് വേണ്ടത്. അവന്റെ അടുത്തെത്തുക എന്നാൽ അവനെ പോലെ ആകുക എന്നതാണ്. അതുപോലെ, അവനിൽ നിന്നകന്നു പോകുക എന്നാൽ, അവനെപോലെ ആകാതിരിക്കുന്നു എന്നർത്ഥം.

"ദൈവം സ്വർഗ്ഗത്തിലാണ് ഉള്ളതു എന്നതു വാസ്തവമല്ലേ? എന്നു നിങ്ങൾ ചോദിച്ചേക്കാം അതെ, പക്ഷെ അവിടെ മാത്രമല്ല.'' 'ഞാൻ കാണാത്തവണ്ണം ആർക്കെങ്കിലും മറയത്തു ഒളിപ്പാൻ കഴിയുമോ?' എന്നു യഹോവയുടെ അരുളപ്പാട് '''ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ' എന്നു യഹോവയുടെ അരുളപ്പാട്" (യിരെമ്യാവു 23:24). ശലോമോൻ പറഞ്ഞു, "എന്നാൽ ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധി സ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലൊ പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നതു എങ്ങനെ?" (1 രാജാക്കന്മാർ 8:27). ദൈവം ആത്മാവായതുകൊണ്ടു ഒരു സ്ഥലത്തു മാത്രം ഒതുങ്ങുകയില്ല എന്നു യേശുവും പഠിപ്പിച്ചിരുന്നു (യോഹന്നാൻ 4:24). ദൈവം ഭൂമിയിൽ നിന്നകന്നു വിദൂരമായ ആകാശത്തിനു മുകളിലാണ് സ്ഥിതി ചെയ്യുന്നതു എന്നാണ് പലരുടേയും ചിന്ത; എന്നാൽ ദൈവം എല്ലാ സ്ഥലത്തും ഉണ്ട്; എല്ലായിടങ്ങളിലും ദൈവത്തെ സമീപിക്കുകയും ചെയ്യാം. ചുറ്റളവു എങ്ങുമില്ലാത്തതും മദ്ധ്യം എല്ലായിടത്തും ഉള്ള ഒരു വൃത്തമാണ് ദൈവം എന്നു പറഞ്ഞു കേട്ടിട്ടുണ്ട്.

ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ ഉപയോഗിക്കുന്നതിനുള്ള രണ്ടു വാക്കുകളാണ് "ഇമ്മനെൻസ്" എന്നതും "ട്രാൻസെൻഡെൻസ്'' എന്നതും. ദൈവവും പ്രപഞ്ചവും രണ്ടു ഘടകങ്ങളാണ് (ദൈവവും ദൈവമല്ലാത്തവയും) ഉള്ളതു എന്നു വിചാരിക്കുക. ''ട്രാൻസെൻഡെൻസ്" എന്നാൽ ദൈവത്തിന്നു മറ്റെ ഘടകം വരെ എത്തുവാൻ കഴിയും. അവൻ ലോകത്തേക്കാൾ വലുതും ലോകത്തിനു മുകളിലും ഉള്ളവനാണ് ദൈവം. അവൻ ലോകം മുഴുവൻ എത്തുന്നവനാണെങ്കിലും ലോകത്തിൽ വസിക്കയും, അതിനെ നിലനിർത്തുകയും, സ്നേഹത്താൽ അടുത്തു വന്നു അതിൽ പ്രവർത്തിക്കുകയും ചെയ്യും. അതാണ് ''ഇമ്മാനെൽസ്" എന്ന വാക്കിന്റെ അർത്ഥം. ദൈവം ദൂരെയിരുന്നു തന്റെ പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്നവനല്ല.

ഇമ്മാനെൽസിൽ ദൈവത്തിന്റെ വാസം കാലത്തിലും സ്ഥലത്തിൽ അടങ്ങുന്നു എന്നതും ഉൾപ്പെടുന്നു. യെശയ്യാവു ദൈവത്തെപ്പറ്റി പറഞ്ഞതു ''ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും എന്നാണ്'' (യെശയ്യാവു 57:15). സങ്കീർത്തനക്കാരൻ പറയുന്നതു ''പർവ്വതങ്ങൾ ഉണ്ടായതിനും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പെ" "നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു" (സങ്കീർത്തനങ്ങൾ 90:2). കാലത്തെ സംബന്ധിച്ചു ദൈവം പരിമിതിയില്ലാത്തവൻ ആണ് എന്നു വ്യക്തം. അവൻ നിത്യതയിൽ എന്നും വസിക്കുന്നു! നമുക്ക് അറിയാവുന്ന ഭൂതം, വർത്തമാനം, ഭാവി

എന്നീകാലത്തിലും അവൻ വസിക്കുന്നു.

**സർവ്വ ജ്ഞാനം**

സർവ്വവ്യാപിത്വത്തോടു യോജിക്കുന്നവാക്കാണ് സർവ്വ ജ്ഞാനം. ദൈവത്തിന്റേതു പൂർണ്ണമായ അറിവാണ്. സർവ്വവ്യാപിത്വത്തിൽ സർവ്വ ജ്ഞാനവും അന്തർലീനമാണ്; സർവ്വ ജ്ഞാനം സർവ്വ വ്യാപിത്വത്തിന്റെ ഭാഗമാണെന്നു നാം പറഞ്ഞേക്കാം. ദൈവം എല്ലാവർക്കും സന്നിഹിതമാണ്. അവൻ ഒന്നിലും ഇല്ലാതിരിക്കുന്നില്ല. അവൻ എല്ലായിടത്തും ഉണ്ട്. അതുകൊണ്ടു, അവൻ എല്ലാം അറിയുന്നവനാണ്. അവന്റെ തികഞ്ഞ മനസ്സ് എല്ലായിടത്തും ഉള്ളതുകൊണ്ട് അവൻ അറിയാത്തതായി ഒന്നുമില്ല. മറ്റൊരർത്ഥത്തിൽ എല്ലാം അറിയാതെ അവന്നു സർവ്വ വ്യാപി ആയിരിക്കാൻ കഴിയില്ല. സങ്കീർത്തനങ്ങൾ 139-ൽ എഴുത്തുകാരൻ ഈ രണ്ടു ഗുണങ്ങളായ സർവ്വവ്യാപിത്വവും സർവ്വജ്ഞാനവും സന്തോഷത്തോടും ബഹുമാനത്തോടും ആഘോഷിക്കുന്നുണ്ട്. സങ്കീർത്തനക്കാരൻ നല്കുന്ന ആശയം എന്തെന്നാൽ ദൈവം എല്ലായിടത്തും ഉള്ളതുകൊണ്ട് എല്ലാം അറിയുന്നു. ലോകത്തിൽ എവിടെയും നിത്യതയിലും ദൈവം ഉണ്ട്. അതുകൊണ്ടു ദൈവത്തിന്റെ അറിവിൽ നിന്നു രക്ഷപ്പെടാവുന്നതല്ല. നിലനില്ക്കുന്ന രണ്ടു ഘടകങ്ങളിൽ ഒന്നായ ദൈവത്തിനു, മറ്റൊരു ഘടകമായ പ്രപഞ്ചത്തിലെ, എല്ലാം അറിയാം. അതിനു പുറമെ ദൈവത്തിനു തന്നെത്തന്നെ പൂർണ്ണമായി അറിയാം.

മനുഷ്യരുടെ അറിവു എല്ലാം അപൂർണ്ണമാണ്. നമുക്കു ഒന്നിനെക്കുറിച്ചും പൂർണ്ണമായ അറിവില്ല; നമുക്കു പരിചയമുള്ള ഏറ്റവും ചെറിയ കാര്യം പോലും; കാരണം, അവ ഓരോന്നും ആർക്കുള്ളതാണെന്നു മുഴുവനായും നമുക്ക് അറിയില്ല. അതുകൊണ്ടു, നമ്മുടെ അറിവു, സർവ്വജ്ഞാനിയായ ദൈവത്തെക്കുറിച്ചു ചെറിയ അറിവു മാത്രം ലഭിക്കുന്നു. അതു നമുക്കുള്ള എല്ലാ അറിവും പോലെയല്ല. ദൈവത്തിന്റെ ജ്ഞാനവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ അറിവെല്ലാം അജ്ഞതയും വിഡ്ഢിത്തവുമാണെന്നു ബോധ്യമാകും. ലോകത്തിൽ ജീവിച്ചിരുന്ന ഏറ്റവും ബുദ്ധിമാന്മാരായിരുന്നവരുടെ ജ്ഞാനമെല്ലാം ചേർത്താലും സർവ്വ ജ്ഞാനം ആകയില്ല. സർവ്വ ജ്ഞാനം ഭൂതം, ഭാവി, വർത്തമാനം എന്നീ കാലങ്ങളിലെ എല്ലാറ്റിനേയും കുറിച്ചുള്ള എല്ലാ അറിവും ഉള്ളതാണ്. "ഇതു പൂർവ്വകാലം മുതൽ അറിയിക്കുന്ന കർത്താവു അരുളിച്ചെയ്യുന്നു" (പ്രവൃത്തികൾ 15:18; കെജെവി). ദൈവ ജ്ഞാനം എത്ര വ്യാപ്തമാണ്! പത്രൊസ് പറഞ്ഞു, "കർത്താവേ നീ സകലവും അറിയുന്നു" (യോഹന്നാൻ 21:17). ഇയ്യോബ് പറഞ്ഞു, "അവൻ ഭൂമിയുടെ അറ്റങ്ങളോളവും നോക്കുന്നു; ആകാശത്തിന്റെ കീഴിലൊക്കെയും കാണുന്നു" (ഇയ്യോബ് 28:24). നക്ഷത്രങ്ങളെക്കുറിച്ചു യെശയ്യാവു വെളിപ്പെടുത്തി, "അവൻ അവയുടെ സൈന്യത്തെ സംഖ്യാക്രമത്തിൽ പുറപ്പെടുവിക്കയും അവയെ എല്ലാം പേർചൊല്ലി വിളിക്കയും ചെയ്യുന്നു" (യെശയ്യാവു 40:26). ദൈവം പ്രപഞ്ചത്തെ മുഴുവൻ അറിയുന്നു.

മനുഷ്യനെ സംബന്ധിച്ചു നമ്മുടെ ദൈവം എല്ലാം അറിയുന്നു. സംഭവിച്ചു കഴിഞ്ഞതു മാത്രമല്ല, തന്റെ ജ്ഞാനത്താൽ സംഭവിച്ചിരിക്കാനിടയുള്ളതും അവൻ അറിയുന്നു. യേശു പറഞ്ഞു, തന്റെ തലമുറയിലെ അത്ഭുതങ്ങൾ, സോരും സീദോനും കണ്ടിരുന്നെങ്കിൽ അവർ മാനസ്സാന്തരപ്പെടുമായിരുന്നു (മത്തായി 11:21). മനുഷ്യനിൽ എന്താണ് ഉള്ളതെന്നു ദൈവം അറിയുന്നു:

> യഹോവയുടെ കണ്ണ് എല്ലാടവും ഉണ്ട്, ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു (സദൃശവാക്യങ്ങൾ 15:3).

> അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു (എബ്രായർ 4:13).

അപ്പൊസ്തലന്മാർ ഒരവസരത്തിൽ പ്രാർത്ഥിച്ചപ്പോൾ ദൈവത്തെ സംബോധന ചെയ്തതു മനുഷ്യരുടെ ഹൃദയങ്ങളെ അറിയുന്നവ[ൻ] എന്നാണ് (പ്രവൃത്തികൾ 1:24). നമ്മുടെ തലയിലെ ഓരോ മുടിയും എണ്ണപ്പെട്ടിരിക്കുന്നു, താഴെ വീഴുന്ന ഓരോ കുരികിലിനെയും അവൻ അറിയുന്നു എന്നു യേശു പറഞ്ഞിരിക്കുന്നു (മത്തായി 10:29, 30). "നിങ്ങൾക്കു ആവശ്യമുള്ളത് ഇന്നതെന്നു നിങ്ങൾ യാചിക്കുംമുമ്പെ നിങ്ങളുടെ പിതാവു അറിയുന്നുവല്ലൊ" എന്നും കർത്താവു ഉറപ്പിച്ചു പറയുകയുണ്ടായി (മത്തായി 6:8). ദൈവത്തിനു എല്ലാം അറിയാം എന്നതിനു അതിരുകളില്ല.

### സർവ്വ ശക്തി

അബ്രഹാമിന്നു തൊണ്ണൂറ്റി - ഒമ്പതു വയസ്സായപ്പോൾ, യഹോവ അവന്നു പ്രത്യക്ഷനായി പറഞ്ഞു, "ഞാൻ സർവ്വശക്തനായ ദൈവം ആകുന്നു" (ഉല്പത്തി 17:1). ദൈവത്തിന്റെ വീര്യത്തെയും ശക്തിയെയുമാണ് ഈ നാമം വ്യക്തമാക്കുന്നത്. അബ്രഹാമിന്നു ദൈവം ഒരവകാശിയെ വാഗ്ദാനം ചെയ്തപ്പോൾ, സാറ ചിരിച്ചശേഷം, ദൈവം അവനോടു ചോദിച്ചു: "യഹോവയാൽ കഴിയാത്തകാര്യം ഉണ്ടോ?" (ഉല്പത്തി 18:14). ദൈവത്തോടു അടുത്തവർക്കും ക്രിസ്തുവിൽ അവൻ പ്രദർശിപ്പിച്ചതും ബൈബിൾ കാലയളവിൽ കണ്ടിട്ടുള്ളവർക്കെല്ലാം അതിനുള്ള ഉത്തരം "ഇല്ല!" എന്നു തന്നെയാണ്. അവന്റെ ഗുണങ്ങളിൽ മഹത്തായ ഒന്നാണ് അവന്റെ ശക്തി. "ദൈവത്തിനു സകലവും സാധ്യം" എന്നു യേശുക്രിസ്തു പറഞ്ഞിട്ടുണ്ട് (മത്തായി 19:26). ദൂതൻ മറിയക്കു പ്രത്യക്ഷനായി അവൾ ക്രിസ്തുവിന്റെ അമ്മയാകാൻ പോകുന്നു എന്നു പറഞ്ഞു കൂട്ടിച്ചേർത്തു, "ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ലല്ലൊ" എന്നാണ് (ലൂക്കൊസ് 1:37).

അത്ഭുതങ്ങളോടു കൂടെയാണ് ദൈവത്തിന്റെ മഹാശക്തി ഉറപ്പിച്ചത്. ദഹിപ്പിച്ചു കളയാത്തവണ്ണം ദൈവ ശക്തിയാൽ ശദ്രക്കിനെയും മേശക്കിനേയും അബേദ്നെഗോവിനെയും തീയിൽ നിന്നു കാത്തുകൊണ്ടു;

ചെങ്കടലിനെ രണ്ടായി ഭാഗിച്ചു, ഉണങ്ങിയ നിലമാക്കി, കൊടുങ്കാറ്റിനെ ശക്തമാക്കി, വെള്ളം രുചിയുള്ള വീഞ്ഞാക്കി, ഒന്നുമില്ലായ്മയിൽ നിന്നു വസ്തുക്കളെ ഉണ്ടാക്കി തന്റെ അപാര ശക്തി വെളിപ്പെടുത്തി. ആകാശത്തിലെ നക്ഷത്രവ്യൂഹത്തിൽ, അവന്റെ കൈവേല പ്രസിദ്ധമാക്കി അവന്റെ മഹത്വത്തെ വർണ്ണിക്കുന്നു. പ്രകൃതിയിലും, ചരിത്രത്തിലും, വീണ്ടെടുപ്പിലും അവന്റെ ശക്തിയുണ്ട്. ദൈവ ശക്തിയുടെ ഏറ്റവും വലിയ പ്രദർശനം ആയിരുന്നു, "ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്തു ഇരുത്തുകയും ചെയ്തതും" (എഫെസ്യർ 1:20).

ദൈവത്തിന്റെ സർവ്വവ്യാപിത്വത്തോടും സർവ്വജ്ഞാനത്തോടും അടുത്തു ബന്ധപ്പെട്ടിരിക്കുന്നതാണ് സർവ്വശക്തി. അവൻ എല്ലായിടത്തുമുള്ളതുകൊണ്ട്, എല്ലാം അറിയുന്നു, എല്ലാം അറിയുന്നതുകൊണ്ടു എല്ലായിടത്തും തന്റെ യജമാനനും സർവ്വശക്തനും ആണ്, തന്റെ പ്രപഞ്ചത്തെ അവന്റെ കല്പനയാൽ നിയന്ത്രിക്കാൻ കഴിയും. സകല ആവശ്യങ്ങളും നിറവേറ്റാൻ അവനു കഴിയും. മനുഷ്യ ചരിത്രത്തിൽ അവൻ ചെയ്തിട്ടുള്ള എന്തിനേക്കാളും അപ്പുറം ചെയ്യുവാൻ അവൻ പ്രാപ്തനാണ്. അവന്റെ പ്രകൃതത്തിനും സ്വഭാവത്തിനും അനുസരിച്ചു പ്രപഞ്ചം ആവശ്യപ്പെടുന്നതെന്തും അവനു ചെയ്യാൻ കഴിയും.

### മനുഷ്യഭാഷയിൽ വിവരിച്ചിരിക്കുന്നു

ചില വേദഭാഗങ്ങൾ ഈ പാഠത്തിൽ നിന്നും വ്യത്യാസമുള്ളതായി തോന്നിയേക്കാം. ദൈവം എല്ലായിടത്തും ഉണ്ടെങ്കിൽ അവൻ മനുഷ്യരെ പോലെ വരുകയും പോകുകയും ചെയ്യുന്നതെങ്ങനെ? അവൻ ഏദെൻ തോട്ടത്തിൽ സംസാരിക്കുകയും ബാബേൽ ഗോപുരം പണിയുമ്പോൾ ഇറങ്ങിവരുകയും ചെയ്തു എന്നു നമ്മോടു പറഞ്ഞിരിക്കുന്നു; അവൻ പല വ്യക്തികൾക്കും പ്രത്യക്ഷനാവുകയും, സിയോനിൽ കെരൂബുകളുടെ മദ്ധ്യേ വസിക്കുകയും ചെയ്തതായി പറയുന്നു. നമുക്കു ഇതിനെ ദൈവം പ്രാദേശികമല്ലാതിരിക്കെ പ്രാദേശികമായി പ്രദർശിപ്പിക്കാൻ കഴിയും എന്നു വിശദമാക്കാം - കൂടാതെ, ദൈവം ഒരു പ്രത്യേക സ്ഥലവുമായുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നതു ആലങ്കാരികമായി നാം മനസ്സിലാക്കണം. ദൈവം ദൂരെ നിന്നു ശിക്ഷിക്കുവാൻ വന്നു എന്നു പറയുന്നതു മനുഷ്യ പ്രയോഗത്താൽ അവന്റെ പ്രവൃത്തികൾ മനസ്സിലാക്കുവാൻ വേണ്ടിയാണ്. അത്തരം ആലങ്കാരിക ഭാഷയെ പണ്ഡിതന്മാർ ''ആന്ത്രോപോമോർഫിസം'' അതായതു, ദൈവം മാനുഷിക പ്രയോഗത്താൽ ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നു.

ദൈവം മനുഷ്യശരീരങ്ങളോടെ മനുഷ്യരിൽ പ്രവർത്തിക്കുന്നു എന്നു പറയുന്നതും അതുപോലെയാണ്. അവന്നു മുഖവും, കണ്ണും, മൂക്കും, കയ്യും, കാലും ഉണ്ട് എന്നു പറഞ്ഞിട്ടുണ്ട്. അവൻ സുഗന്ധം മണക്കും, ചിരിക്കും, മാനസാന്തരപ്പെടുവാൻ, മറ്റു ദേവന്മാരോടു എരിവുള്ളവനാണ്. ഇവ ഒന്നും നാം അക്ഷരികമായി എടുക്കരുത്. ദൈവം തന്റെ ഏതെങ്കിലും സ്വഭാവമോ ഗുണമോ മനുഷ്യർക്കു മനസ്സിലാക്കുന്ന രീതിയിൽ പറഞ്ഞാൽ അതു ഉപകാരപ്രദമായ ഭാഷയായി

കണക്കാക്കണം. എങ്ങനെയായാലും ഈ മെറ്റാഫെറിക്കൽ പ്രയോഗങ്ങൾ, മാനുഷിക ഗുണങ്ങളെയും പ്രവൃത്തികളെയും അടിസ്ഥാനമാക്കി പറഞ്ഞിട്ടുള്ളതാണ്. ഇവ എഴുതിയ എഴുത്തുകാർ അതു ആക്ഷരികമായി എടുത്തിരുന്നില്ല അവർ അങ്ങനെ എടുത്തിരുന്നെങ്കിൽ, മരത്തിനു കൊമ്പുകൾ വ്യാപിച്ചു കിടക്കുന്നതുപോലെ ദൈവത്തിനു ചിറകുകളും തൂവലുകളും ഉണ്ടെന്നു വിശ്വസിക്കണം, കാരണം അവർ അത്തരം വിവരണങ്ങൾ നല്കിയിട്ടുണ്ട്.

### പ്രായോഗിക പ്രാധാന്യം

ദൈവത്തിന്റെ പരിമിതിയില്ലായ്മ ഒരു ദൈവമകനു ആശ്വാസവും തൃപ്തിയും പകരുന്നതാണ്. ദൈവം എല്ലായിടത്തും ഉള്ളതുകൊണ്ട് അവൻ എന്നിലും ഉണ്ട്, എന്നരികിലും ഉണ്ട്. ആന്റണികോളിൻസ് എന്ന അറിയപ്പെട്ടിരുന്ന സംശയാലുവായിരുന്ന ഒരാൾ നടന്നു പോകുമ്പോൾ, നാട്ടിൻ പുറത്തുകാരനായ ഒരാൾ കണ്ടു, ''എവിടേക്കെന്നും എന്തിനാണ്" പോകുന്നതെന്നും ചോദിച്ചു. മറുപടിയായി "പള്ളിയിലേക്കാണ്, ആരാധിക്കുവാനാണ്" എന്നും പറഞ്ഞു. അല്പം നർമ്മത്തോടെ "നിങ്ങൾ ആരാധിക്കുന്ന ദൈവം വലുതാണോ അതോ ചെറുതാണോ?" എന്നു ചോദിച്ചു. അതിനു നാട്ടിൻപുറത്തുകാരൻ പറഞ്ഞ മറുപടി "അവൻ സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ അടങ്ങാത്ത വലുപ്പമുള്ളവനും, എന്റെ ഹൃദയത്തിൽ ഒതുങ്ങുന്നത്ര ചെറുതും ആണ്" എന്നായിരുന്നു. കോളിൻസ് പിന്നീടു പറഞ്ഞു. ആ നിസ്സാരമായ മറുപടി താൻ ദൈവത്തിനെതിരായി വായിച്ചിട്ടുള്ള വാല്യം കണക്കിനു പുസ്തകങ്ങളിലെ പാണ്ഡിത്യ വാക്കുകളേക്കാൾ ഫലപ്രദമായി തോന്നി എന്ന്.

ദൈവം എന്നിലുണ്ട്! എല്ലാസ്ഥലത്തും അവൻ എന്നെ സഹായിക്കാനായിട്ടുണ്ട്. "... കർത്താവു വരുവാൻ അടുത്തിരിക്കുന്നു, ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് ..." (ഫിലിപ്പിയർ 4:5, 6). നാം എല്ലായ്പ്പോഴും നമ്മുടെ പിതാവിന്റെ ദൃഷ്ടിയിൽ തന്നെയാണ്, നാം എവിടെയായാലും നമുക്കു അവനുമായി യഥാർത്ഥവും ശക്തവുമായ കൂട്ടായ്മ പുലർത്താം.

നാം ദൈവത്തോടു അടുത്തു ജീവിച്ചാൽ, അവന്റെ വലിയ ജ്ഞാനം നമ്മെ ആശ്വസിപ്പിക്കും. അവൻ എല്ലാം അറിയുന്നതുകൊണ്ടു അവൻ എന്നെയും എന്റെ ആവശ്യങ്ങളെയും അറിയുന്നു. എന്റെ ഭാരങ്ങളും, പരീക്ഷണങ്ങളും, പ്രശ്നങ്ങളും അവൻ അറിയുന്നു. എന്റെ ചിരിയും, കണ്ണുനീരും, വേദനയും, സന്തോഷവും, ദു:ഖവും, ആനന്ദവും അവൻ അറിയുന്നു.

ദൈവം സർവ്വശക്തൻ ആകകൊണ്ടു ഞാൻ ചോദിക്കുന്നതിനു മുൻപു അവൻ എന്റെ ആവശ്യങ്ങളെ അറിയുന്നു. അവന്നു എല്ലാം ചെയ്യുവാൻ കഴിയും, എനിക്കു വേണ്ടി എല്ലാം അവന്റെ മഹാശക്തിയാൽ ചെയ്യും. അവന്നു പ്രാർത്ഥനക്കു മറുപടി നല്കുവാൻ കഴിയും, നല്കുമെന്നു ഉറപ്പു നല്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ദൈവം ''നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ

കഴിയുന്നവനാണ്" (എഫെസ്യർ 3:20).

ദൈവത്തിന്റെ പരിമിതിയില്ലായ്മ, ചിലർക്കു ആശ്വാസമാണെങ്കിലും, മറ്റുള്ളവർക്കു അതു ഭയമുളവാക്കുന്നതാണ്. ദൈവം എല്ലായിടത്തും ഉണ്ട്, അവൻ എല്ലാം അറിയുന്നു, ആ വലിയ സത്യങ്ങൾ അഭക്തനായ മനുഷ്യനു ഉൾക്കൊള്ളാവുന്നതല്ല. യുഗങ്ങളായി, മനുഷ്യർ ദൈവത്തിൽ നിന്നു ഓടി ഒളിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ആദ്യത്തേതു പോലെ മറ്റെല്ലാ പരിശ്രമങ്ങളും പാഴാകും. ഏദെൻ തോട്ടത്തിൽ വെച്ചു ആദാമും ഹവ്വയും ദൈവത്തിൽ നിന്നു മറഞ്ഞിരിക്കാൻ ശ്രമിച്ചു (ഉൽപ്പത്തി 3:8). പരാജയപ്പെട്ടതുപോലെയാണ് ഇന്നും അതിനെ ചെയ്താൽ. യോനയും ദൈവത്തിൽ നിന്നു ഓടി അകലുവാൻ ശ്രമിച്ചു അനുഭവം മറ്റൊന്നായിരുന്നില്ല (യോനാ 1:3). പലരും ഇന്നു അവർ ദൈവത്തിൽ നിന്നു രക്ഷപ്പെടുവാൻ ശ്രമിക്കുകയാണെന്നു സമ്മതിക്കുകയില്ല. പക്ഷെ അവരുടെ പ്രവൃത്തികൾ അതാണ് തെളിയിക്കുന്നത്.

ദൈവം ഉണ്ടെന്ന വസ്തുത നിഷേധിക്കയോ സംശയിക്കയോ ചെയ്തുകൊണ്ടു അവനിൽ നിന്നു രക്ഷപ്പെടാവുന്നതല്ല. സംശയാലുക്കൾ ഗവേഷണം നടത്തുകയാണ് വേണ്ടതു, അവർ ചെയ്യുന്നതു ഗണിത ശാസ്ത്രത്താൽ തെളിയിക്കാനാണ്, അതുകൊണ്ടാണ് വിശ്വസിക്കാത്തത്. അവൻ പറയുന്നു, ദൈവം ഉണ്ടോ ഇല്ലയോ എന്ന് എനിക്ക് അറിയില്ല! വേറെ ചിലർ, തിന്നുകയും കുടിക്കുകയും, ആനന്ദിക്കുകയും ചെയ്യുന്നതിൽ സന്തോഷിക്കുന്നു. അവർ ചോദിക്കുന്നതു "നമുക്കു ഒരു ജീവിതമല്ലേയുള്ളു, പിന്നെ എന്തുകൊണ്ടു ആയിക്കൂടാ?" എന്നാണ്, ഈ തത്വത്തെ പിടിച്ചിരിക്കുന്നവർ താഴ്ന്നവരും വീണ്ടും ജനിക്കാത്തവരുമത്രെ; മറ്റുള്ളവർ - നിയമം - പാലിക്കുന്ന പൗരന്മാരാണ്. രണ്ടു കൂട്ടരും അഭക്തരാണ്, കാരണം ദൈവം ഇല്ലാത്തവർ. നമുക്കു ചുറ്റും ഉള്ളതു ഒന്നുകിൽ അവിശ്വാസികൾ അല്ലെങ്കിൽ മതപരമായിട്ടുള്ളവർ. ശരാശരി ആളുകൾ സമൂഹത്തിൽ ഒരിക്കലും ബൈബിൾ വായിച്ചിട്ടില്ലാത്തവരും, വലിയ കുഴപ്പങ്ങൾ വരുമ്പോൾ മാത്രം പ്രാർത്ഥിക്കുകയും വല്ലപ്പോഴും ആരാധനക്കു പോകുകയും ചെയ്യുന്നവരാണ്. അവർ വിചാരിക്കുന്നതു ഞായറാഴ്ച മാത്രമാണ് അവർക്കു വ്യക്തിപരമായ കാര്യങ്ങൾക്കും ഉല്ലസിക്കുന്നതിനും സമയം കിട്ടുന്നത് എന്നാണ്. അതേ സമയം അവിശ്വാസികൾ പറയുന്നതു, ദൈവമില്ല എന്നാണ്, ഈ ലക്ഷക്കണക്കിനു ആളുകൾ ഒന്നുമല്ലാത്തവരെ പോലെ ജീവിക്കുന്നു. ദൈവത്തിൽ നിന്നു രക്ഷപ്പെടാനോ, ദൈവത്തെ അവഗണിക്കാനോ മനുഷ്യർ ശ്രമിക്കുമ്പോൾ, ദൈവം അവിടെയുണ്ട്.

സാധാരണപോലെ, ലോകം കുഴപ്പത്തിലാണ്. നമ്മുടെ പ്രശ്നങ്ങൾ, വർഷംതോറും കൂടിവരുന്നതിനു, ലോകത്തിലെ ഏറ്റവും ബുദ്ധിമാന്മാർക്കു പോലും ഉത്തരം നല്കുവാൻ കഴിയുന്നില്ല. എന്നിരുന്നാലും, നമ്മുടെ ചെറിയ ശണ്ഠകൾക്കും കലഹങ്ങൾക്കും മുകളിൽ, ദൈവം ഉണ്ട്. സങ്കീർത്തനക്കാരൻ ഒരിക്കൽ തന്റെ പരീക്ഷണങ്ങളിൽ നിന്നു

രക്ഷപ്പെടാൻ ഒരുങ്ങി.

> ... "ഓ, പ്രാവിനുള്ളതുപോലെ എനിക്കു ചിറകുണ്ടായിരുന്നു വെങ്കിൽ! എന്നാൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായിരുന്നു എന്നു ഞാൻ പറഞ്ഞു. ഇതാ, ഞാൻ ദൂരത്തു സഞ്ചരിച്ചു മരുഭൂമിയിൽ പാർക്കുമായിരുന്നു. സേലാ. കൊടുങ്കാറ്റിൽ നിന്നും പെരുങ്കാറ്റിൽ നിന്നും ബന്ധപ്പെട്ടു. ഞാൻ ഒരു സങ്കേതത്തിലേക്കു ഓടി പോകുമായിരുന്നു" (സങ്കീർത്തനങ്ങൾ 55:6–8).

തീർച്ചയായും, ദാവീദിനു ചിറകുണ്ടായിരുന്നെങ്കിൽ അവൻ മരുഭൂമി യിലേക്കു പറന്നു പോകുമായിരുന്നു, അവിടെയും അവനു പ്രശ്നങ്ങൾ അനുഭവപ്പെടുമായിരുന്നു - അവിടെയും ദൈവം ഉണ്ടാകുമായിരുന്നു. അതേ ദാവീദ് തന്നെ സങ്കീർത്തനങ്ങൾ 139–ൽ ദൈവ മഹത്വം അന്വേ ഷിച്ചു അവന്റെ പരിധിയില്ലാത്ത മാഹാത്മ്യത്തെ സ്തുതി പാടിയതു നൂറ്റാണ്ടുകൾ കടന്നുപോയെങ്കിലും ഇന്നും നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കുന്നു.

ഈ പാഠം 1958–ലെ, അബിലീൻ ക്രിസ്റ്റ്യൻ കോളേജ് ലെക്ച്ചേ ഴ്സിന്റെ പുനഃപ്രസിദ്ധീകരണമാണ്. അബിലീൻ ക്രിസ്റ്റ്യൻ യൂണിവേഴ്സിറ്റി ലെക്ച്ചർഷിപ്പ് ഡയറക്ടറുടെ അനുവാദത്തോ ടെയാണ് ഉപയോഗിച്ചിരിക്കുന്നത്.

© 2009 Truth for Today